**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **11-06-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് കിഫ്ബി മുഖാന്തിരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് 26.02.2021 ലെ ഉത്തരവ് നം. GED006-21/AE-1/2021/KIIFB പ്രകാരം 2,98,98,371/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. പിന്നീട് DSR , GST നിരക്ക് വർദ്ധന പരിഗണിച്ച് 3.85 കോടിയായി സാമ്പത്തികാനുമതി പുതുക്കി നൽകുകയുണ്ടായി . ടി പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹണ ഏജൻസി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ Project Execution Document (PED) ഫയൽ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ 10.06.2024 ന് പുനഃ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ച് വരികയാണ്. PED യ്ക്ക് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കില നാളിതുവരെ എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയത് എന്ന് വിശദമാക്കാമോ; | (ബി) | പദ്ധതി നിർവ്വഹണ ഏജൻസിയായ കില ടി സ്കൂളിന്റെ PED, Structural modelling എന്നിവ പൂർത്തീകരിച്ച് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും Tender നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇതിന്റെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് 26.02.2021 ലെ ഉത്തരവ് നം. GED006-21/AE-1/2021/KIIFB പ്രകാരം 2,98,98,371/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. പിന്നീട് DSR , GST നിരക്ക് വർദ്ധന പരിഗണിച്ച് 3.85 കോടിയായി സാമ്പത്തികാനുമതി പുതുക്കി നൽകുകയുണ്ടായി . ടി പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹണ ഏജൻസി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ Project Execution Document (PED) ഫയൽ പദ്ധതി |

| | | | |
|---|---|---|---|
| | | | നിർവ്വഹണ ഏജൻസി കിഫ്ബിയിൽ 10.06.2024 ന പുനഃ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ച് വരികയാണ്. PED യ്ക്ക് അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ